**GAZETTE DATE : 30.07.2026**
**LAST DATE : 02.09.2026**

# CATEGORY NO: 117/2026 - 120/2026

## FIRST NCA NOTIFICATION

Applications are invited online only from qualified male candidates from the following communities of Kerala State for selection to the under mentioned post in Kerala Government Service. Applications shall be submitted online only through the official website of Kerala Public Service Commission (www.keralapsc.gov.in) after One Time Registration. Candidates who have already registered can apply through their profile. Candidates who have aadhaar card should add the same as ID proof in their profile.

1. **Department** : **Kerala Excise And Prohibition**
2. **Name of post** : **Civil Excise Officer (Trainee)**
3. **Scale of pay** : **₹ 27,900 – 63,700/-**
4. **Number of vacancy** :

| Community | District | No. of vacancy |
|---|---|---|
| Viswakarma **(Cat.No.117/2026)** | Idukki | 1 |
| Latin Catholic/Anglo Indian **(Cat.No.118/2026)** | Malappuram | 1 |
| OBC **(Cat.No.119/2026)** | Malappuram | 1 |
| Hindu Nadar **(Cat.No.120/2026)** | Kasaragod | 1 |

***Note:***

(i) Differently abled candidates & Female candidates are not eligible to apply for this post.

(ii) Applications submitted by candidates belonging to the communities other than that notified will be summarily rejected. No rejection memo will be issued.

(iii) The above vacancies are now in existence. The Ranked list published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for the above communities, but remain unfilled due to paucity of candidates during the currency of Mother Ranked List published for the post .This is the first NCA notification due to the non availability of qualified candidates in the above mentioned communities from the mother ranked list published for the post. The details of above ranked lists are as follows.

| Ranked list Number and Date of Publication of Rank list | District | Category Number |
|---|---|---|
| 180/2025/DOJ dated 15.02.2025 | Idukki | 307/2023 |
| 178/2025/DOM dated 15.02.2025 | Malappuram | 307/2023 |
| 198/2025/DOB dated 22.02.2025 | Kasaragod | 307/2023 |

(iv) The name, educational qualification and age for this post is notified as per G.O.(P)No.264/2010/TD dated 10/11/2010 (SRO No.1025/2010), G.O(P) No. 178/2015/TD dated 03/10/2015 (SRO No.669/2015) ,G.O(P) 112/1974/TD dated 09.09.1974, G.O (Rt) No.766/2018/TD dated 21.10.2018 and G.O (MS) No.8/2026/P&ARD Dated 27.02.2026.

(v) The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O (Ms) No. 154/1971/PD dated

27.05.1971. A candidate advised for appointment in one Revenue District from the Ranked List prepared is not eligible for transfer to another district unless he completes 5 years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G.O(MS) No.4/61/PD dated 02.01.1961. Candidates already in Government service holding this post in any one district are prohibited from applying again for this post, but they can apply to higher posts when notified.

(vi) In the case of the candidates applying for District wise selection in Kasaragod, Idukki & Wayanad districts, working arrangement, deputation, transfer and mutual transfer will not be allowed for atleast 10 years, if they are appointed from the ranked list of those districts. Their promotion will also be limited to those districts ( As per GO (MS) No. 06/2026/P&ARD dated 22.01.2026).

(vii) Preferences shall be given to ex-servicemen.

(viii)
1. NCC Certificate holders having 'A', 'B' and 'C' categories will be given weightage marks at the rate of 2% , 3% and 5% respectively as per G.O (MS)No.112/2007/H. Edn. Dated 21.08.2007.
2. Students Police Cadet (SPC) Certificate holders will be given weightage marks as per G.O.(MS) No. 06/2025/P&ARD dated 01.03.2025.
3. Extra marks will be awarded to meritorious sports persons as per para 6 of the general conditions.

(ix) Civil Excise Officer shall not be appointed in the substantive post till the successful completion of basic training for a period of not less than six months, subject to the minimum of 180 working days as may be decided by the Commissioner of Excise. Persons undergoing basic training shall be paid stipend as may be fixed by the Government from time to time. All the persons who did not undergo basic training will be placed under orders of training within a period of two years and those who did not successfully complete the basic training shall not be considered for future promotion.

**5. Method of appointment** : **Direct Recruitment - (District wise)** (Only from the male candidates belonging to Viswakarma , LC/AI , OBC , Hindu Nadar Communities)

**6. Age** : **19-38**

Candidates born between 02.01.1988 and 01.01.2007 (Both dates included) are eligible to apply for this post (Including the relaxation as per Para 2(i) of the Part II of General Conditions)

**Note:-** For concession allowed in upper age limit subject to the condition that the maximum age limit shall in no case exceed 50 years.Please see Para (2) of the General Conditions under part II of this notification (except para 2(i)).

**7. Qualifications:**

**(1) Educational Qualifications:**

Must have passed the Plus Two Examination or its equivalent.

LINK

EQUIVALENT/HIGHER QUALIFICATIONS

**Note:**

i) Rule 10(a)(ii) of Part II of KS & SSR is applicable.

ii) In addition to the qualification prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post and such of those qualifications which presuppose the

acquisition of the lower qualifications prescribed for the post shall also be sufficient for the post. The Government orders declaring equivalent/ higher qualification shall be produced as and when called for by the commission.

**(2) Physical Qualifications:**

Candidates must not be less than 165 cms in height and 81cms round the chest with a minimum expansion of 5 cms .

**(3) Physique and Eye sight:**

(i) Must be certified by a Medical Officer not below the rank of an Assistant Surgeon/Junior consultant as to his physical fitness and capacity for active outdoor work. The Medical Certificate has to be produced as and when called for.

(ii) Must be certified to possess the visual standards specified below without spectacles

| | Vision | Right Eye | Left Eye |
|---|---|---|---|
| (a) | Distant Vision | 6/6 Snellen | 6/6 Snellen |
| (b) | Near Vision | 0.5 Snellen | 0.5 Snellen |

**Note:-**
Each eye must have full field of vision. Colour blindness, squint or any other morbid condition of the eyes or lids of either eye will be deemed to be a disqualification.

(iii) Medical Certificate from a Medical Officer not below the rank of an Assistant Surgeon/Junior Consultant should be produced at the time of Physical Efficiency Test/Endurance Test and should be uploaded in their Profile at the time of Certificate Verification. A format of Medical Certificate is given below.

**FORM OF MEDICAL CERTIFICATE**

(To be obtained from Medical Officer not below the rank of a Assistant Surgeon/Junior Consultant)

I have this day medically examined Sri.......................................................................
.....................................................................................(Name and address) and found that he has no disease or infirmity, which would render him unsuitable for Government Service.

His age according to his own statement is .................................. and by appearance is …......................... and his standards of vision is as follows.

**Standards of Vision**
(without glasses)

| | Right Eye | Left Eye |
|---|---|---|
| (i) Distant Vision | …..........Snellen | ….......... Snellen |
| (ii) Near Vision | …..........Snellen | ….......... Snellen |

(iii) Field of Vision ....................

(Specify whether field of vision is full or not. Entries such as Normal, Good, Average etc. are inappropriate here)

(iv) Colour Blindness ...............................

(v) Squint ...............................

(vi) Any morbid condition of the eyes or lids of either eye ……………...........

(vii) Identification Mark ..............................

1.

2.

He is Physically fit for the post of Civil Excise Officer (Trainee) in the Kerala Excise and Prohibition Department.

I certify to the best of my knowledge and belief that the applicant Sri. ……………… …………………..(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Signature
Name and Designation of the Medical Officer

Place:
Date:

*(Office Seal)*

**Note:**

Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision Normal/good/average will not be accepted. Specification for each eye should be stated separately. If the specification are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

**(4) Endurance Test:**

Must qualify in the Endurance Test of completing 2.5 Kilometers race within 13 minutes.

**(5) Physical Efficiency Test:**

Must qualify in any five events out of eight events specified below of the National Physical Efficiency Test (One Star Standard Test)

| Sl.No. | Events | | One Star Standard |
|---|---|---|---|
| 1 | 100 Meters Race | : | 14 Seconds |
| 2 | High Jump | : | 132.20 cm |
| 3 | Long Jump | : | 457.20 cm |
| 4 | Putting the Shot (7264 gms) | : | 609.60 cm |
| 5 | Throwing the Cricket Ball | : | 6096 cm |
| 6 | Rope Climbing(hands only) | : | 365.80 cm |
| 7 | Pull ups or chinning | : | 8 times |
| 8 | 1500 Meters Run | : | 5 Minutes 44 seconds |

**Note:**

1. The physical measurement of candidates will be taken at the time of Physical Efficiency Test or Endurance Test and those who do not possess the prescribed physical measurement will not be admitted for the Physical Efficiency Test or Endurance Test. If accidents or injuries happen to a candidate while participating in the Physical Efficiency Test or Endurance Test, and as a result he could not complete the events, he will not be given further chance to participate in the test.
2. The tentative schedule for Physical measurement and physical efficiency test will be published in the website.

**8. Mode of submitting application:-**

**a)** Candidates shall register as per ONE TIME REGISTRATION system on the Official Website of Kerala Public Service Commission **'www.keralapsc.gov.in'** for applying for the post. Candidates who have registered shall apply by logging on to their profile using their User-ID and Password. Candidates shall click on the 'Apply Now' button of the respective posts in the Notification Link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Candidates must ensure correctness of the information in their profile before the final submission of the application. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age etc., have to be produced as and when called for.

**b)** If Written Test/OMR Test/Online Test is conducted as a part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phones registered in it.

**9. Last date for submission of applications: 02.09.2026** Wednesday upto 12 Midnight.

**10. Special Instructions to candidates :**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non Creamy layer certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

(iii) Appropriate disciplinary actions as per rule 22 of the Kerala Public Service Commission Rules of procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details including photo , ID card etc., refer the General Conditions given in Part II of the Gazette Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 117/2026 – 120/2026

**ഒന്നാം എൻ.സി.എ വിജ്ഞാപനം**

കേരള സർക്കാർ സർവീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ ചുവടെ ചേർക്കുന്ന സംവരണ വിഭാഗങ്ങളിൽപ്പെട്ട യോഗ്യതയുള്ള പുരുഷ ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (**www.keralapsc.gov.in**) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ ആയത് തിരിച്ചറിയൽ രേഖയായി പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.

1. **വകുപ്പ്** : **കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ**
2. **ഉദ്യോഗപ്പേര്** : **സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)**
3. **ശമ്പളം** : **₹27,900 – 63,700/-**
4. **ഒഴിവുകളുടെ എണ്ണം** :

| സംവരണ വിഭാഗം | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| വിശ്വകർമ്മ ( Cat.No.117/2026) | ഇടുക്കി | 1 |
| ലാറ്റിൻ കത്തോലിക്ക് / ആംഗ്ലോ ഇന്ത്യൻ (Cat.No.118/2026) | മലപ്പുറം | 1 |
| ഒ.ബി.സി (Cat.No.119/2026) | മലപ്പുറം | 1 |
| ഹിന്ദു നാടാർ (Cat.No.120/2026) | കാസർഗോഡ് | 1 |

**കുറിപ്പ്:**

(i) ഭിന്നശേഷിയുള്ളവർ, സ്ത്രീകൾ എന്നിവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കി വച്ചിട്ടുള്ളതും എന്നാൽ മേൽ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയായിരിക്കും. മാതൃ റാങ്ക് പട്ടികയിൽ നിന്നും മേൽ സൂചിപ്പിച്ച വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാലുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനമാണിത്. മേൽ റാങ്ക് പട്ടികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | ജില്ല | കാറ്റഗറി നമ്പർ |
|---|---|---|
| 180/2025/DOJ dated 15.02.2025 | ഇടുക്കി | 307/2023 |
| 178/2025/DOM dated 15.02.2025 | മലപ്പുറം | 307/2023 |
| 198/2025/DOB dated 22.02.2025 | കാസർഗോഡ് | 307/2023 |

(iv) 10.11.2010 തീയതിയിലെ G.O(P)No. 264/10/TD (SRO No.1025/2010), 03.10.2015 തീയതിയിലെ G.O(P)No.178/2015/TD(SRO No.669/2015), 09.09.1974 തീയതിയിലെ G.O(P)No. 112/1974/TD, 21.10.2018 തീയതിയിലെ GO(Rt)No.766/2018, 27.02.2026 തീയതിയിലെ GO(MS)No.8/2026/P&ARD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(v) ഈ വിജ്ഞാപന പ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ, 27.05.1971 തീയതിയിലെ G.O (Ms) No. 154/71/PD യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റ് ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക്

മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ G.O(Ms)No.4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) 22.01.2026 തീയതിയിലെ GO(MS)No.6/2026/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല തെരഞ്ഞെടുപ്പിന് കാസർഗോഡ്, ഇടുക്കി, വയനാട്ജില്ലകളിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ, പ്രസ്തുത ജില്ലകളിലെ റാങ്ക് പട്ടികകളിൽ ഉൾപ്പെട്ട് നിയമനം ലഭിച്ചാൽ കുറഞ്ഞത് പത്ത് വർഷത്തേക്ക് വർക്കിംഗ് അറേഞ്ച്മെന്റ് , ഡെപ്യൂട്ടേഷൻ, ട്രാൻസ്ഫർ, മ്യൂച്വൽ ട്രാൻസ്ഫർ എന്നിവ അനുവദിക്കുന്നതല്ല. അവരുടെ പ്രമോഷനും ടി ജില്ലകളിൽ തന്നെ പരിമിതപ്പെടുത്തുന്നതാണ്.

(vii) വിമുക്തഭടന്മാർക്ക് മുൻഗണന നൽകുന്നതാണ്.

(viii)

1. 21.08.2007 തീയതിയിലെ GO(Ms)No.112/2007/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എൻ.സി.സി. 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

2. 01.03.2025 തീയതിയിലെ GO(Ms)No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർച്ചിരിക്കുന്ന പ്രകാരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

3. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

(ix) ഏറ്റവും കുറഞ്ഞത് 6 മാസം (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തിദിനങ്ങൾ) അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും വിജയകരമായി പൂർത്തിയാക്കാത്ത പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതല്ല.

**5. നിയമനരീതി :** **നേരിട്ടുള്ള നിയമനം– (ജില്ലാതലം )** ( വിശ്വകർമ്മ , ലാറ്റിൻ കത്തോലിക്ക് / ആംഗ്ലോ ഇന്ത്യൻ, ഒ.ബി.സി, ഹിന്ദു നാടാർ സമുദായത്തിൽപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായപരിധി :** **19-38 :**

ഉദ്യോഗാർത്ഥികൾ 02.01.1988-നും 01.01.2007-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

(പൊതു വ്യവസ്ഥകളിലെ പാർട്ട് II ഖണ്ഡിക 2(i) ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക (2(1) ഒഴികെ)

**7. യോഗ്യതകൾ :**

1 **<u>വിദ്യാഭ്യാസ യോഗ്യത:</u>**

പ്ലസ് ടു പരീക്ഷയോ തത്തുല്യപരീക്ഷയോ വിജയിച്ചിരിക്കണം

LINK

EQUIVALENT/HIGHER QUALIFICATIONS

**<u>കുറിപ്പ് :</u>**

(i) ഈ തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിന് KS&SSR Part II Rule 10(a)(ii) ബാധകമാണ്.

(ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട

യോഗ്യതകൾ അടിസ്ഥാന യോഗ്യതയായുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(2) **ശാരീരിക യോഗ്യതകൾ:**

ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 165 സെ. മീ ഉയരവും 81 സെ.മീ –ൽ കുറയാത്ത നെഞ്ചളവും കുറഞ്ഞത് 5 സെ.മീ വികാസവും ഉണ്ടായിരിക്കണം.

(3) **കായികശേഷിയും കാഴ്ച ശക്തിയും:**

(i) ഔട്ട് ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും, ശാരീരിക യോഗ്യതയും, കഴിവും ഉണ്ടെന്നു കാണിക്കുന്ന അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൽട്ടന്റ് റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| (എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:–**

ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iii) ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ/എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് താഴെക്കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൽട്ടന്റ് റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്. മാതൃക ഇതോടൊപ്പം ചേർക്കുന്നു.

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of a Assistant Surgeon/Junior Consultant)

I have this day medically examined Sri........................................................................................ (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service.

His age according to his own statement is .................................. and by appearance is …......................... and his standards of vision is as follows.

### Standards of Vision

(without glasses)

| | **Right Eye** | **Left Eye** |
|---|---|---|
| 1. Distant Vision | …..........Snellen | …......... Snellen |
| 2. Near Vision | …..........Snellen | …......... Snellen |

3. Field of Vision .....................

(Specify whether field of vision is full or not. Entries such as Normal, Good, Average etc. are inappropriate here)

4. Colour Blindness ................................

5. Squint ................................

6. Any morbid condition of the eyes or lids of either eye..........................

7. Identification Mark …..............................

1.
2.

He is Physically fit for the post of Civil Excise Officer(Trainee) in the Kerala Excise and Prohibition Department.

I certify to the best of my knowledge and belief that the applicant Sri. ……………… …………………..(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature

Date : Name and Designation of the Medical Officer

(Office Seal)

**കുറിപ്പ്:**

കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ഗുഡ്/ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(4) **എൻഡ്യൂറൻസ് ടെസ്റ്റ്:**

എല്ലാ ഉദ്യോഗാർത്ഥികളും 2.5 കിലോമീറ്റർ ദൂരം 13 മിനിറ്റിനുള്ളിൽ ഓടി പൂർത്തിയാക്കി എൻഡ്യുറൻസ് ടെസ്റ്റ് വിജയിച്ചിരിക്കണം.

(5) **കായികക്ഷമതാ പരീക്ഷ:**

നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | | വൺ സ്റ്റാർ നിലവാരം |
|---|---|---|---|
| 1. | 100 മീറ്റർ ഓട്ടം | : | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | : | 132.20 സെ.മീ |
| 3. | ലോംഗ് ജംപ് | : | 457.20 സെ.മീ |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264. ഗ്രാം) | : | 609.60 സെ.മീ |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | : | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | : | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | : | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | : | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ് :**

1. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷാ/എൻഡ്യൂറൻസ് ടെസ്റ്റ് വേളയിൽ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ/ എൻഡ്യൂറൻസ് ടെസ്റ്റ് പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ/ എൻഡ്യൂറൻസ് പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ മറ്റൊരു അവസരം നൽകുന്നതല്ല.
2. ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ എന്നിവ സംബന്ധിച്ച താത്കാലിക തീയതി വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**8.** **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

(a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പിച്ചതിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച് കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(b) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **: 02.09.2026** ബുധനാഴ്ച രാത്രി 12 മണി വരെ.

**10** **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, പിരിച്ചു വിടുകയ്യോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്". (ഫോട്ടോ. ID കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ